**ALL INDIA RADIO THIRUVANANTHAPURAM**

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **DATE:28.07.2026**

## പ്രധാനവാർത്തകൾ

1. പരീക്ഷ ക്രമക്കേടുകളിൽ കുറ്റക്കാർക്ക് 10 വർഷം വരെ തടവും 10 കോടി രൂപ വരെ പിഴയും വ്യവസ്ഥ ചെയ്യുന്ന ഭേദഗതി ബിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് ലോക്സഭയിൽ അവതരിപ്പിച്ചു. കർശന നടപടികൾ ഉറപ്പുവരുത്തുന്നതിന് എല്ലാ സംസ്ഥാനങ്ങളും ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കും.

2. നിർമ്മാണ സാമഗ്രികൾ കയറ്റി അയയ്ക്കുന്നതിലെ നിയന്ത്രണങ്ങൾ പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്ക്ക് കത്തയച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ .

3. ഓണക്കാലത്ത് സംസ്ഥാനത്ത് മയക്കുമരുന്നിനും അനധികൃത മദ്യവ്യാപാരത്തിനുമെതിരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ശക്തമാക്കുമെന്ന് മന്ത്രി എം.ലിജു.

4. സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ് ലഭിക്കുന്നതിലെ കാത്തിരിപ്പ് കുറയ്ക്കുന്നതിന് മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് ഗതാഗത കമ്മിഷണർ

5. കേരളത്തിൽ ശനിയാഴ്ച വരെ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 10 ജില്ലകളിൽ മഞ്ഞ ജാഗ്രത.

6. കോമൺവെൽത്ത് ഗെയിംസിൽ 10 മെഡലുകളോടെ മികച്ച പ്രകടനം തുടർന്ന് ഇന്ത്യ.

RNU TVPM

*************************

## ലോക്സഭ (ഇൻട്രോ)

പരീക്ഷ ക്രമക്കേടുകൾ തടയുന്നതിന് കർശന നടപടികൾ ഉറപ്പുവരുത്തുന്ന പൊതു പരീക്ഷ ഭേദഗതി ബിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് ലോക്സഭയിൽ അവതരിപ്പിച്ചു. പരീക്ഷ ക്രമക്കേടുകളിൽ കുറ്റക്കാർക്ക് 10 വർഷം വരെ തടവും 10 കോടി രൂപ വരെ പിഴയും നൽകാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു. 2024-ലെ നിയമം ഭേദഗതി ചെയ്തുകൊണ്ടുള്ള ബില്ലിൽ, കുറ്റക്കാരുടെ സ്വത്ത് വകകൾ കണ്ടുകെട്ടാനും വ്യവസ്ഥയുണ്ട്. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളും പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കണമെന്നും ബില്ലിൽ പറയുന്നു. പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണം. കുറ്റപത്രം സമർപ്പിച്ച് മൂന്ന് മാസത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കണമെന്നും ബില്ലിൽ വ്യക്തമാക്കുന്നു. ഇന്ത്യൻ യുവതയുടെ ക്ഷേമത്തിന് മുൻഗണന നൽകുന്നതിൽ, കേന്ദ്രസർക്കാരിൻറെ പ്രതിബദ്ധതയാണ് നിയമത്തിലൂടെ വ്യക്തമാകുന്നതെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

വിദ്യാഭ്യാസ മേഖലയിൽ യഥാർത്ഥ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഭരണകൂടം ആഗ്രഹിക്കുന്നില്ലെന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച കോൺഗ്രസ് എം.പി ഗൗരവ് ഗൊഗോയ് ആരോപിച്ചു. സമാജ് വാദി, ഡിഎംകെ തുടങ്ങി വിവിധ പ്രതിപക്ഷ പാർട്ടികളിലെ അംഗങ്ങളും നീറ്റ് വിഷയത്തിൽ കേന്ദ്ര സർക്കാരിനെ വിമർശിച്ച് രംഗത്ത് വന്നു. ചർച്ച പുരോഗമിക്കുകയാണ്. അതേസമയം പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ നടപടികൾ ഇന്നും

RNU TVPM

തടസ്സപ്പെട്ടു. രണ്ട് മണി വരെ നിർത്തിവച്ച സഭ പിന്നീട് ഇന്നത്തേക്ക് പിരിയുകയായിരുന്നു.

*************************

## മുഖ്യമന്ത്രി - കത്ത്

മെറ്റൽ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കേരളത്തിൻ്റെ പ്രത്യേക സാഹചര്യത്തിൽ പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി വി.ഡി സതീശൻ തമിഴ് നാട് മുഖ്യമന്ത്രി ജോസഫ് വിജയ്ക്ക് കത്തയച്ചു. ദേശീയ പാത നിർമാണത്തെയടക്കം ഇത് ബാധിക്കുന്നതായി കത്തിൽ പറയുന്നു. ഈ മാസം 9 നാണ് തമിഴ്നാട് സർക്കാർ ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചത്. തിരുനെൽവേലി, തെങ്കാശി, കന്യാകുമാരി ജില്ലകളിൽ നിന്നുമുള്ള നിർമാണ സാമഗ്രികളുടെ വരവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്.

RNU TVPM

*************************

## മുഖ്യമന്ത്രിക്ക് കത്തയച്ചു

ജന്തർ മന്തർ വിദ്യാർത്ഥി സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചതുമായി ബന്ധപ്പെട്ട് കേരളത്തിൽ ചാർജ് ചെയ്ത എല്ലാ കേസുകളും നിരുപാധികം പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ മുഖ്യമന്ത്രിക്ക് കത്ത് അയച്ചു. പ്രതിഷേധങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി അയ്യായിരത്തോളം പേർക്കെതിരെ കേരളാ പോലീസ് കേസെടുത്തതായാണ് വിവരങ്ങൾ എന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. കത്ത് പരിശോധിച്ച ശേഷം തുടർ നടപടികൾക്കായി ആഭ്യന്തര വകുപ്പിന് കൈമാറിയതായി മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

*************************

<u>ഡ്രൈവിങ് ലൈസൻസ്-തിരു (ഇൻട്രോ)</u>

സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ് ലഭിക്കാൻ നിലവിലുള്ള കാത്തിരിപ്പ് കുറയ്ക്കുന്നതിനും ലേണേഴ്സ് ലൈസൻസ് പരീക്ഷകളുടെ സുതാര്യത വർധിപ്പിക്കുന്നതിനുമായി ഗതാഗത കമ്മിഷണർ പുതിയ നിർദേശങ്ങൾ പുറപ്പെടുവിച്ചു. ഡ്രൈവിങ് ടെസ്റ്റിന് പ്രതിദിനം അമ്പത് സ്ലോട്ട്, ലേണേഴ്സ് പരീക്ഷയിൽ മുഖം തിരിച്ചറിയൽ സംവിധാനം നടപ്പാക്കൽ തുടങ്ങിയവയാണ് പ്രധാന നിർദേശങ്ങൾ.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്............**

(വോയ്സ്)

*************************

<u>മന്ത്രി എം ലിജു</u>

ഓണാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് മയക്കുമരുന്നിനും അനധികൃത മദ്യവ്യാപാരത്തിനുമെതിരായ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കൂടുതൽ ശക്തമാക്കുമെന്ന് എക്സൈസ് മന്ത്രി എം ലിജു. എക്സൈസ് സേനയെ ഭാവിയിലെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തമാക്കുന്ന വിധത്തിൽ പ്രവർത്തന പദ്ധതികൾ നടപ്പാക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. എക്സൈസ് ആസ്ഥാനത്ത് നടന്ന ഉന്നതതല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

*************************

RNU TVPM

## അനൂപ് ജേക്കബ്

റേഷൻ വാതിൽപടി വിതരണ ട്രാൻസ്പോർട്ടിങ് കരാറുകാർക്കു നൽകാനുള്ള തുകയുടെ വിഹിതം ഓണത്തിനു മുമ്പ് നൽകാൻ നടപടി സ്വീകരിക്കുമെന്ന് ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ്. കരാറുകാരുടെ എല്ലാ ആവശ്യങ്ങളും സമയബന്ധിതമായി പരിഹരിക്കുമെന്നും ട്രാൻസ്പോർട്ടിങ് കരാറുകാരുടെ പ്രതിനിധികളുമായി നടത്തിയ കൂടിക്കാഴ്ചയിൽ മന്ത്രി മന്ത്രി അറിയിച്ചു. ഇതിൻറെ അടിസ്ഥാനത്തിൽ ആഗസ്റ്റ് ഒന്നു മുതൽ നടത്താനിരുന്ന സമരത്തിൽ നിന്നു പിന്മാറുകയാണെന്നു കരാറുകാർ അറിയിച്ചു.

*************************

## വിപണിയിടപെടൽ

ഓണക്കാലത്ത് സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനുമായി 20 കോടിയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയതായി കൃഷി മന്ത്രി ടി. സിദ്ദിഖ്. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുകയും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായമായ നിരക്കിൽ ലഭ്യമാക്കുകയുമാണ് ഇതിൻറെ ലക്ഷ്യം.

*************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

*************************

PNUTVPM

## പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ

സൈബർ സാമ്പത്തിക തട്ടിപ്പുകൾ ഫലപ്രദമായി തടയുന്നതിനും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുമായി ബാങ്കുകളുമായി ചേർന്ന് സംയുക്ത കർമ്മ പരിപാടി നടപ്പാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ. സൈബർ കുറ്റകൃത്യങ്ങൾ പ്രതിരോധിക്കാനായി സംസ്ഥാന പോലീസിൻറെ സൈബർ വിഭാഗവും ബാങ്ക് പ്രതിനിധികളും പങ്കെടുത്ത ഏകോപന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സൈബർ കുറ്റകൃത്യങ്ങളിൽ നടപടികൾക്കായി പോലീസിൻറെയും ബാങ്ക് പ്രതിനിധികളുടെയും ജോയിൻറ് സൈബർ കമ്മിറ്റിയ്ക്ക് രൂപം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

**************************

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്നു രാത്രി വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ സാധ്യതയെന്ന് കെ.എസ്.ഇ.ബി. ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗം ഉണ്ടാകുന്ന സമയങ്ങളിലാവും നിയന്ത്രണം. ഇന്നലെ വൈദ്യുതി നിയന്ത്രണം വേണ്ടി വന്നില്ലെന്നും കെഎസ്ഇബി അറിയിച്ചു.

**************************

## വടകര ലഹരി കേസ്

കോഴിക്കോട് വടകര ലഹരി കേസിൽ ഒരു അധ്യാപിക കൂടി അറസ്റ്റിൽ. പേരാമ്പ്ര ബി ആർ സി സ്പെഷ്യൽ എഡ്യുകേറ്റർ നീഷ്മയാണ് പിടിയിലായത്. കീർത്തന, കാവ്യ എന്നീ അധ്യാപികമാരും കഴിഞ്ഞ ദിവസം അറസ്റ്റിലായിരുന്നു. MDMA

RNU TVPM

ഇടപാടുകളിൽ കണ്ണികളായി പ്രവർത്തിക്കുന്ന ഇവർ വഴി വൻ സാമ്പത്തിക ഇടപാടുകൾ നടന്നതായി പോലീസ് അറിയിച്ചു.

*************************

## തോയില തോട്ടം - ഇടുക്കി (ഇൻട്രോ)

ഇടുക്കി ദേവികുളത്തെ തേയിലത്തോട്ടങ്ങളിൽ നിന്ന് ശേഖരിക്കുന്ന കൊളുന്തുകൾ ഇനി എളുപ്പത്തിൽ ഫാക്ടറിയിലെത്തിക്കാൻ ഡ്രോണുകൾ പറന്നുയരും. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ലോക്ക് ഹാർട്ട് എസ്റ്റേറ്റിലാണ് രാജ്യത്ത് ആദ്യമായി തേയില ശേഖരണത്തിന് ഡ്രോണുകൾ ഉപയോഗിച്ച് തുടങ്ങിയത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........**

(വോയ്സ്)

RNU TVPM

*************************

## രമേശൻ പാലേരി

ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ രമേശൻ പാലേരിയുടെ സംസ്കാരം നാളെ കോഴിക്കോട് നാദാപുരത്തെ വീട്ടുവളപ്പിൽ നടക്കും. മൂന്നു പതിറ്റാണ്ടിലേറെ ഊരാളുങ്കൽ സൊസൈറ്റിയുടെ ചെയർമാനായ അദ്ദേഹം ഊരാളുങ്കലിനെ ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ തൊഴിലാളി സൊസൈറ്റിയായി വളർത്തിയെടുക്കുന്നതിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. രോഗബാധിതനായി ചികിത്സയിൽ ഇരിക്കെ കോയമ്പത്തൂരിലെ സ്വകാര്യാശുപത്രിയിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം.

*************************

## മഴ - സംസ്ഥാനം

കേരളത്തിൽ ശനിയാഴ്ച വരെ ശക്തമായ കാറ്റോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. ആലപ്പുഴ മുതൽ എറണാകുളം വരെയും തൃശ്ശൂർ മുതൽ കാസർകോട് വരെയും ഉള്ള 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. 7 ജില്ലകളിൽ നാളെയും, എട്ട് ജില്ലകളിൽ മറ്റന്നാളും മഞ്ഞ ജാഗ്രതയാണ്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ മുതൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ നാളെ പുലർച്ചെ 5.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്.

*************************

## <u>കോമൺവെൽത്ത് ഗെയിംസ്</u>

PINU TVPM

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ 2 സ്വർണവും 5 വെള്ളിയും 3 വെങ്കലവും ഉൾപ്പെടെ 10 മെഡലുകൾ നേടി ഇന്ത്യ. പുരുഷന്മാരുടെ പാര സ്വിമ്മിങ് 50 മീറ്റർ ഫ്രീസ്റ്റൈലിൽ ഇന്ത്യയുടെ ഭവാനി കാർത്തികും, ഇമാം അലിയും ഫൈനലിലേക്ക് യോഗ്യത നേടി. ഫൈനൽ റൗണ്ട് ഇന്ന് രാത്രി നടക്കും. പുരുഷന്മാരുടെ സ്വിമ്മിങ് 100 മീറ്റർ ബാക്ക് സ്ട്രോക്ക് വിഭാഗത്തിൽ ഇന്ത്യയുടെ ശ്രീഹരി നടരാജ് സെമിഫൈനലിലേക്ക് യോഗ്യത നേടി. സ്വിമ്മിങ് 50 മീറ്റർ ബട്ടർഫ്ലൈ ഹീറ്റ്സിൽ മലയാളി താരം സജൻ പ്രകാശ് സെമി കാണാതെ പുറത്തായി. അത്ലറ്റിക്സിൽ പുരുഷന്മാരുടെ 400 മീറ്റർ ഓട്ടത്തിൽ വിശാൽ ടി കെ സെമിയിൽ പ്രവേശിച്ചു. എന്നാൽ ഇതേ വിഭാഗത്തിൽ രാജേഷ് രമേശിന് സെമിയിൽ കടക്കാനായില്ല. 63 കിലോഗ്രാം ഭാരോദ്വഹനത്തിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായി നിരുപമ ദേവി സെറാം ഇന്നിറങ്ങും.

************************************************************************************
**************************************